(സി)

	ആൺ	പെൺ
മഹാരാജാസ് കോളേജ്, എറണാകുളം	൪൭	൭
സെൻറ് തോമാസ് കോളേജ്, തൃശ്ശിവപേരൂർ	൪	൦
സെൻറ് മേരീസ് കോളേജ്, തൃശ്ശിവപേരൂർ	൦	൩

(ഡി) മഹാരാജാസ് കോളേജ് ൪
സെൻറ് തോമാസ് കോളേജ് ൧ } ൭
സെൻറ് മേരീസ് കോളേജ് ൨

(ഇ) ഉവ്വ്. മഹാരാജാസ് കോളേജിൽ മാത്രം ഫീസ്സ് ഇളവുചെയ്യുന്നുണ്ട്.

(Please see Appendix I)

COMPLAINTS ON POLICE OFFICERS—DETAILS REGARDING

520. മിസ്റ്റർ എം. കെ. വറുഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സഭയം മറുപടി പറയുമോ.—

(എ) ൧൯൪൬-ാം മാണ്ടിൽ പോലീസ് ഉദ്യോഗസ്ഥന്മാരെ കുറിച്ചുള്ള ആക്ഷേപങ്ങൾ ആകെ എത്ര എണ്ണം ലഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര എണ്ണത്തെകുറിച്ചുള്ള അന്വേഷണം പൂർത്തിയായി;

(സി) അവയിൽ എത്ര എണ്ണത്തിൽ ഉദ്യോഗസ്ഥൻ കുറക്കാരനായി തെളിഞ്ഞിട്ടുണ്ട്;

(ഡി) മേൽപറഞ്ഞ ആക്ഷേപങ്ങളിൽ എത്ര എണ്ണം സബ്ബ് ഇൻസ്പെക്ടർ ഗ്രേഡിലും അതിലും ഉയർന്ന ഗ്രേഡിലും ഉള്ളവരെ സംബന്ധിച്ചവയായിരുന്നു;

(ഇ) അവയിൽ (ഡി. യിൽ പറയുന്നവയിൽ) എത്ര എണ്ണത്തിൻെറ അന്വേഷണം പൂർത്തിയായി;

(എഫ്) അവയിൽ എത്ര എണ്ണത്തിൽ ഉദ്യോഗസ്ഥൻ കുറക്കാരനായി തെളിഞ്ഞു?

റാവു സാഹിബ്ബ് എ. മാധവപ്രഭു:

(എ) ൧൯൫ (നൂറിപത്തൊമ്പതു).

(ബി) ൧൭൮ (നൂറു പതിനെട്ട്) ഒന്നിനെ പറ്റിയുള്ള കേസ്സ് കോടതിയിലാണ്.

(സി) ൧൩. (പതിനാറെണ്ണത്തിൽ).

(ഡി) ആക്ഷേപങ്ങളിൽ പതിനഞ്ചെണ്ണം സബ്ബ് ഇൻസ്പെക്ടർമാരെകുറിച്ചും ഒരു അതിലും ഉയർന്ന ഗ്രേഡിലുള്ള ഉദ്യോഗസ്ഥനെകുറിച്ചും ആയിരുന്നു.

(ഇ) പതിനാറ്.

(എഫ്) ഒന്നിൽ.

CASES OF OPPRESSION OF THE DEPRESSED CLASSES AT IRINJALAKKUDA

521. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സഭയം പറപടി നൽകുമോ.—

(എ) അധഃകൃത മർദ്ദനക്കേസുകളെക്കുറിച്ച് ഇയ്യിടെയായി ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽനിന്ന് തക്കസമയത്തു അന്വേഷണം നടത്തുന്നില്ലെന്നും, വളരെ താമസിച്ച് അന്വേഷണം നടത്തിയാൽതന്നെയും മിക്ക കേസുകളും റഫർചെയ്യുകയുന്നതിനുള്ള നടപടികളാണ് സ്റ്റേഷനിൽനിന്ന് എടുക്കുന്നതെന്നുള്ള പരാതി ഗവർമ്മെണ്ടിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് ഗവർമ്മെണ്ട് അക്കാര്യത്തിൽ എടുത്തിട്ടുള്ളതു?

റാവുസാഹിബ്ബ് എ. മാധവപ്രഭു:

(എ) ഉവ്വ്.

(ബി) അതിനെപ്പറ്റി അന്വേഷിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly